പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4828 27/06/2014- ൽ മറുപടിക്ക്

## കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയ റീജിയണൽ വെറ്ററിനറി പോളിക്ലിനിക്ക് ആന്റ് റഫറൽ സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയ റീജിയണൽ വെറ്ററിനറി പോളിക്ലിനിക്ക് ആന്റ് റഫറൽ സെന്റർ അനുവദിക്കുന്നതു സംബന്ധിച്ച് പെറ്റീഷൻ 1572/2013/വി.ഐ.പി/എം(ഫിൻ, എൽ & എച്ച്) നമ്പർ പ്രകാരം 09/04/2013 ൽ ധനകാര്യവകുപ്പമന്ത്രി കൃഷിവകുപ്പമന്ത്രിക്ക് കൈമാറിയ പെറ്റീഷന്റെ പുരോഗതി വ്യക്തമാക്കാമോ; ഈ പെറ്റീഷന്റെ ഫയൽ നമ്പർ നൽകാമോ; | എ) കടുത്തുരുത്തി കേന്ദ്രമായി റീജിയണൽ വെറ്ററിനറി പോളിക്ലിനിക് & റഫറൽ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നത് മൃഗസംരക്ഷണവകുപ്പിന്റെ 9889/എ.എച്ച്.ജി2/2013/കൃഷി എന്ന ഫയലിലാണ്. ഇക്കാര്യത്തിന്മേൽ ശുപാർശ ലഭ്യമായിട്ടുണ്ടെങ്കിലും സ്ഥലലഭ്യത, കെട്ടിടത്തിന്റെ പ്ലാൻ/ സ്കെച്ച് എന്നിവ ലഭ്യമായിട്ടില്ല. |
| ബി) ഇതു സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഏതെങ്കിലും പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ? | ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയ റീജിയണൽ വെറ്ററിനറി പോളിക്ലിനിക്ക് ആന്റ് റഫറൽ സെന്റർ അനുവദിക്കുന്നതു സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അത്യാവശ്യം

നമ്പർ: ബി2-11180/2013/ആസൂത്രണം　　　മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തിയതി:-23/11/2013.

ഡയറക്ടർ

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി,
കൃഷി (മൃഗസംരക്ഷണം- ജി) വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- മൃഗസംരക്ഷണ വകുപ്പ്- കോട്ടയം ജില്ലയിലെ കടുത്തുരുത്തി കേന്ദ്രമായി വെറ്ററിനറി പോളിക്ളിനിക്കും റഫറൽ സെന്ററും അനുവദിക്കുന്നത്- സംബന്ധിച്ച്.

സൂചന:- സർക്കാർ കത്ത് നം.9889/എ.എച്ച്.ജി2/13/എ.ഡി തീയതി. 06.04.2013.

സൂചന കത്തിൽ ആവശ്യപ്പെട്ട പ്രകാരം കോട്ടയം ജില്ലയിലെ കടുത്തുരുത്തിയിൽ ഒരു വെറ്ററിനറി പോളിക്ളിനിക്കും റഫറൽ സെന്ററും ആരംഭിക്കുന്നതിനുള്ള റിപ്പോർട്ട് ചുവടെ പറയും പ്രകാരം സമർപ്പിച്ചുകൊള്ളുന്നു.

കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് 19 വാർഡുകൾ ഉൾപ്പെടുന്ന ബ്രഹത്തായ ഒരു പ്രദേശമാണ്. പഞ്ചായത്ത് അപ്പർ കുട്ടനാട് മേഖലയിൽ ഉൾപ്പെടുന്നതും കാർഷിക മേഖലയ്ക്ക് പ്രത്യേകിച്ച് മൃഗസംരക്ഷണ മേഖലയിൽ വളരെയധികം ഊന്നൽ നൽകുന്ന പ്രദേശവുമാണ്. ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒരു വെറ്ററിനറി ഡിസ്പെൻസറിയോടൊപ്പം 5 വെറ്ററിനറി സബ്സെന്ററുകൾ കൂടി പ്രവർത്തിക്കുന്നുണ്ട്. എല്ലാ സബ്സെന്ററുകളിലും പ്രതിമാസം 30- ലധികം ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ ഉണ്ട്. രണ്ട് സെന്ററുകളിൽ പ്രതിമാസം 50-ന് മുകളിൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ ഉണ്ട്. ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). സ്ഥാപനത്തിന്റെ പേര് - വെറ്ററിനറി ഡിസ്പെൻസറി, കടുത്തുരുത്തി.
സ്ഥാപിതമായ വർഷം - 1984
അധികാര പരിധി - 32.73 കി.മീ2

| 2). കന്നുകാലികളുടെ കണക്ക് | പറവ ഇനത്തിൽപ്പെട്ടവ. |
|---|---|
| 2007 സെൻസസ് - 5853 | 14000 |
| 2012 സെൻസസ് - 4382 | 8250 |

3). കഴിഞ്ഞ 3 വർഷം പരിശോധിച്ച കേസുകളുടെ എണ്ണം.

2010-11 - 301/ പ്രതിമാസം
2011-12 - 346/ :
2012-13 -363 / :

**കഴിഞ്ഞ മൂന്ന് വർഷത്തെ കൃത്രിമ ബീജധാനത്തിന്റെ കണക്ക്.**

| | | 2010-11 | 2011-12 | 2012-13 |
|---|---|---|---|---|
| 1 | വെറ്ററിനറി ഡിസ്പെൻസറി, കടുത്തുരുത്തി | 21/മാസം | 27/മാസം | 26/മാസം |
| 2 | വെറ്ററിനറി സബ്സെന്റർ, മാന്നാർ. | 25/മാസം | 31/മാസം | 34/മാസം |
| 3 | വെറ്ററിനറി സബ്സെന്റർ, കെ.എസ്.പുരം | 27/മാസം | 28/മാസം | 36/മാസം |
| 4 | വെറ്ററിനറി സബ്സെന്റർ.മുട്ടുച്ചിറ | 27/മാസം | 40/മാസം | 55/മാസം |
| 5 | വെറ്ററിനറി സബ്സെന്റർ,ആയംകുടി | 46/മാസം | 55/മാസം | 61/മാസം |
| 6 | വെറ്ററിനറി സബ്സെന്റർ,കാപ്പിക്കാട് | 27/മാസം | 26/മാസം | 30/മാസം |

**കുടത്തുരുത്തിയുടെ സമീപത്തുള്ള മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങൾ.**

1). വെറ്ററിനറി സബ്സെന്റർ, മാന്നാർ.
2). വെറ്ററിനറി സബ്സെന്റർ,കെ.എസ്.പുരം
3). വെറ്ററിനറി സബ്സെന്റർ,മുട്ടുച്ചിറ
4). വെറ്ററിനറി സബ്സെന്റർ,ആയംകുടി
5). വെറ്ററിനറി സബ്സെന്റർ,കാപ്പിക്കാട്.

6).**സമീപത്തുള്ള വെറ്ററിനറി ഹോസ്പിറ്റലുകളും അവയിലേയ്ക്കുള്ള ദൂരവും.**

1). വെറ്ററിനറി ഹോസ്പിറ്റൽ, തലയോലപ്പറമ്പ് - 4 കീ.മീ.

2).. വെറ്ററിനറി ഹോസ്പിറ്റൽ,കോഴ - 10 കി.മീ.

3). വെറ്ററിനറി ഡിസ്പെൻസറി, മരങ്ങോളി - 10 കി.മീ

4). വെറ്ററിനറി ഡിസ്പെൻസറി,മേമുറി - 8 കി.മീ.

5). വെറ്ററിനറി ഡിസ്പെൻസറി, മുളക്കുളം - 8 കി.മീ

**കഴിഞ്ഞ 3 വർഷം നടത്തിയ കുത്തിവയ്പ്പുകളുടെ എണ്ണം.**

| | 2011 | 2012 | 2013 |
|---|---|---|---|
| എഫ്.എം.ഡി | 1925 | 1925 | 1889 |
| അസ്കാഡ് | 11725 | 12110 | 11250 |

8. **കടുത്തുരുത്തിയുടെ അധികാര പരിധിയിലുള്ള പുതിയ സ്വകാര്യ ഫാമുകൾ ചുവടെ ചേർക്കുന്നു.**

1.പശു - 18

2.കോഴി - 6

3.ആട് - 12

4.പന്നി - 2

മൃഗസംരക്ഷണ രംഗത്ത് കടുത്തുരുത്തിയോടൊപ്പം തന്നെ പ്രാധാന്യം നൽകാവുന്ന മുളക്കുളം, കല്ലറ, മാഞ്ഞൂർ പഞ്ചായത്തുകളിൽ മുളക്കുളം പഞ്ചായത്ത് കടുത്തുരുത്തി യുടെ വലതുഭാഗത്തും കല്ലറ, മാഞ്ഞൂർ പഞ്ചായത്തുകൾ കടുത്തുരുത്തിയുടെ തെക്കെ അതിരിലും സ്ഥിതിചെയ്യുന്നു.

കടുത്തുരുത്തിയിൽ മൃഗാശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത് കടുത്തുരുത്തി ബ്ളോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു പഴയ കെട്ടിടത്തിലാണ്. പ്രസ്തുത കെട്ടിടം അപര്യാപ്തമായതിനാൽ ബ്ളോക്ക് പഞ്ചായത്തിൽ നിന്നും 8.57 സെന്റ് സ്ഥലം ഗ്രാമ വികസന കമ്മീഷണറുടെ അനുമതിയ്ക്ക് വിധേയമായി വിട്ടുതരുന്നതിന് അനുമതി അനുവദിച്ച് നൽകുന്നതിന് ബ്ളോക്ക് പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പും വെറ്ററിനറി പോളിക്ളിനിക്ക് അനുവദിക്കുന്ന പക്ഷം കെട്ടിടം പണിയുന്നതിനുള്ള പ്ളാനും എസ്റ്റിമേറ്റും ഇതോടൊപ്പം അയയ്ക്കുന്നു.

കടുത്തുരുത്തിയിൽ വെറ്ററിനറി പോളിക്ളിനിക്ക് അനുവദിക്കുകയാണെങ്കിൽ നില വിൽ വെറ്ററിനറി ഡിസ്പെൻസറിയിലുള്ള തസ്തികകൾക്ക് പുറമേ താഴെ പറയുന്ന തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടതായി വരും.

അസിസ്റ്റന്റ് ഡയറക്ടർ - (24040 + 63% + 150) 13

(24040-38840) - 5,12,586/-

ലാബ് ടെക്നീഷ്യൻ - (10480 + 63% + 150) 13

(10480 - 18300) - 2,25,250/-

ക്ളാർക്ക് - (9940 + 63% +150) 13

(9940-16580) - 2,13,807/-

ഫീൽഡ് ഓഫിസർ -S (18740 + 63% + 150) 13

(18740-33680) - 3,99,048/-

മേൽപ്പറഞ്ഞ തസ്തികകൾ പുതുതായി സൃഷ്ടിക്കുമ്പോൾ സർക്കാരിന് പ്രതിവർഷം 13,50,691/- രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയേ ഉണ്ടാകുന്നുള്ളൂ. ടി തസ്തികകൾ പുനർ വിന്യാസത്തിലൂടെ കണ്ടെത്താൻ അധിക തസ്തികകളൊന്നും തന്നെയില്ല. ടി തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന ചെലവ് 2403-101-98-34-ഒ.സി.(നോൺ പ്ളാൻ) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. മേൽ സാഹചര്യത്തിൽ കടുത്തുരുത്തി കേന്ദ്രമായി ഒരു വെറ്ററിനറി പോളിക്ളിനിക്കും റഫറൽ സെന്ററും അനുവദിച്ച് ഉത്തരവാകണമെന്നപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

for മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ .

ജെ.കെ.25.11..

(ഒപ്പ്)

സെക്ഷൻ ഓഫീസർ